യാഥാർത്ഥ്യം പുറത്തുകൊണ്ടുവരികയും നിരാലംബരായ ഒരു കുടുംബത്തിന് നിവൃത്തിയുണ്ടാക്കി തരുകയും ചെയ്യണം. നമ്മുടെ സിവിൽ സർവ്വീസിൽ ഇത്തരം ബലിയാടുകൾ നാളെ ഉണ്ടാകാതിരിക്കുവാനുള്ള കർശനമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

[11 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 1999 ജൂലൈ മാസം 8-ാം തീയതി വ്യാഴാഴ്ച വികാസ്ഭവനിൽ സ്ഥിതിചെയ്യുന്ന ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഡയറക്ടറേറ്റിൽ പകൽ 1.30-ന് ഈ വകുപ്പിലെ റ്റി.ആർ.എസ്. വിഭാഗത്തിന്റെ ജോയിന്റ് ഡയറക്ടറായ പി.പി. ഗോപാലകൃഷ്ണപിള്ള, അദ്ദേഹത്തിന്റെ തന്നെ ക്യാബിനിൽ വച്ച് സ്വയം തീ കൊളുത്തി ആത്മഹത്യയ്ക്കു ശ്രമിക്കുകയുണ്ടായി. ഉടൻതന്നെ ഓടി എത്തിയ ജീവനക്കാർ അദ്ദേഹത്തെ അടിയന്തിരമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും 5-ാം വാർഡിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. നേരിയ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കാറുണ്ടായിരുന്ന അദ്ദേഹത്തിന് ആത്മഹത്യാ പ്രവണതയുണ്ടായിരുന്നതായി അറിയുന്നു. ഗോപാലകൃഷ്ണപിള്ള ഇന്നു പുലർച്ചെ 1.15-ന് അന്തരിച്ചു. സംഭവം പോലീസിൽ അറിയിക്കുകയും പോലീസ് നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 149/99 സെക്ഷൻ 309 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ മരണകാരണവും മറ്റും വെളിവാകുകയുള്ളു. ഇതിന്റെ അന്വേഷണം പിന്നീട് നടത്തുന്നതാണ്.

IV. മേശപ്പുറത്ത് വച്ച കടലാസ്

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ 3-ാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.†

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശകസമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശകസമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

---

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly